# ഗുണ്ടാ ആക്ടിൽ പ്രതി അറസ്റ്റിൽ

അയ്യമ്പുഴ വില്ലേജ് ചുള്ളി കരയിൽ നെടുങ്കോട് ഭാഗത്ത് , പൈനാടത്ത് വീട്ടിൽ കുര്യൻ മകൻ സോമിയെ കാപ്പാ നിയമപ്രകാരം കാലടി പോലീസ് ഇൻസ്പെക്ടർ സജിമർക്കോസും സംഘവും അറസ്റ്റ് ചെയ്തു. അറസ്റ്റിലായ സോമി കൊലപാതകശ്രമം, ആയുധം ഉപയോഗിച്ചുള്ള കുറ്റകൃത്യം, സ്ഫോടകവസ്തു ഉപയോഗിച്ചുള്ള കുറ്റകൃത്യം, കൊള്ളയടിക്കൽ, അടിപിടി തുടങ്ങി വിവിധ പോലീസ് സ്റ്റേഷനുകളിലായി 16 കേസുകളിലെ പ്രതിയാണ്. അങ്കമാലി പോലീസ് സ്റ്റേഷൻ പരിധിയിൽ 2009 വർഷത്തിൽ വീട്ടിൽ കയറി വീട്ടമ്മയെ അക്രമിച്ച് കവർച്ച ചെയ്ത കേസിൽ ബഹു. പറവൂർ കോടതി സോമിയെ 07 വർഷക്കാലത്തേക്ക് ശിക്ഷ വിധിച്ചിട്ടുള്ള ആളുമാണ്. ഈ കേസിലേക്ക് ടിയാൻ ജാമ്യത്തിൽ കഴിഞ്ഞ് വരികയാണ്. കാലടി സനിൽ വധകേസിനെ തുടർന്ന് 2016 ഒക്ടോബർ മാസം 28-ാം തീയതി മഞ്ഞപ്രയിൽ വച്ച് അയ്യമ്പുഴയിലുള്ള അജീഷ് എന്നയാളെ വെട്ടിക്കൊ-ലപ്പെടുത്താൻ ശ്രമിച്ച കേസിലെ 1-ാം പ്രതിയായിരുന്ന സോമിയെ പോലീസ് അറസ്റ്റ് ചെയ്ത് കാക്കനാട് ജില്ലാ ജയിലിൽ പാർപ്പിച്ച് വരികയായിരുന്നു. 19-12-2016 തീയതി ജാമ്യത്തിൽ ഇറങ്ങിയ പ്രതി വീണ്ടും ഇത്തരം ആക്രമണ പരിപാടികൾക്ക് പദ്ധതിയിട്ട് വരികയായിരുന്നു. എറണാകുളം റൂറൽ ജില്ലയിലെ ഗുണ്ടകളെ അടിച്ചമർത്തുന്നതിന്റെ ഭാഗമായി ബഹു. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി **A.V.ജോർജ്ജ് IPS** അവർകൾ അയച്ച റിപ്പോർട്ട് പ്രകാരം ബഹു.എറണാകുളം ജില്ലാ കളക്ടറുടെ 3 (1) കാപ്പാ നിയമപ്രകാരം 06 മാസക്കാലത്തെ കരുതൽ തടങ്കലിനുള്ള ഉത്തരവ് പ്രകാരമാണ് ഒളിവിൽ കഴിഞ്ഞ് വന്നിരുന്ന സോമിയെ പോലീസ് അറസ്റ്റ് ചെയ്തത്. അറസ്റ്റിലായ പ്രതിയെ വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ച് വരികയാണ്. ബഹു. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി, **ശ്രീ. A.V.ജോർജ്ജ് IPS** -ന്റെ നിർദ്ദേശപ്രകാരം , ബഹു. പെരുമ്പാവൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്. കെ.എസ് സുദർശനന്റെ നേതൃത്വത്തിൽ രൂപീകരിച്ച അന്വേഷണ സംഘത്തിൽ കാലടി പോലീസ് ഇൻസ്പെക്ടർ സജിമർക്കോസ്, SCPO മാരായ ശ്രീകുമാർ, അബ്ദുൾ സത്താർ, മുഹമ്മദ് ഇക്ബാൽ , ലാൽ എന്നിവർ അംഗങ്ങളായിരുന്നു. കാലടി സർക്കിൾ പരിധിയിലെ ഗുണ്ടകളെ അമർച്ച ചെയ്യുന്നതിന്റെ ഭാഗമായി അവർക്കെതിരെ കാപ്പാ നിയമപ്രകാരമുള്ള നടപടികൾ തുടർന്ന് വരികയാണെന്ന് കാലടി പോലീസ് ഇൻസ്പെക്ടർ അറിയിച്ചു.